28/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.675*(2)/2022*/എസ്.ഐ.സി തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 8681/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സ്റ്റാൻലി എസ്,
പ്ലാവിള വീട്,
കുരവറ, ഒറ്റശേഖരമംഗലം (പി.ഒ),
തിരുവനന്തപുരം - 695 125. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & പെർഫോമൻസ്
ഓഡിറ്റ് സൂപ്പർവൈസർ,
ഓഡിറ്റ് യൂണിറ്റ്- 2, ചെങ്കൽ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08/04/2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11/04/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02/06/222 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10/06/2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10/6/2022 |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സ്റ്റാൻലി എസ് 10/06/2022 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 675(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ ഒന്നാം അപ്പീൽ അധികാരി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ് ടിയാൻ ഉന്നയിച്ചിരിക്കുന്നത്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 08/04/2022 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ ഒ.പി 10/96 എ എന്ന കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന വ്യാസ ട്യൂട്ടോറിയൽ(വ്യാസ കോളേജ്) 2022-2023 കാലഘട്ടത്തിൽ പ്രവർത്തിക്കുവാനുള്ള ലൈസൻസ് പഞ്ചായത്തിൽ നിന്നും കൊടുത്തിട്ടുണ്ടോ എന്നും

2. കൊടുത്തെങ്കിൽ പ്രസ്തുത രജിസ്ട്രേഷൻ നമ്പരും ഏത് കാലാവധി വരെ ആയതിന് പ്രവർത്തിക്കുവാനുള്ള അനുമതി ഉണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 11/04/2022-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 09/05/2022 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 02/06/2022-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 27/06/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ 08/04/2022 തീയതിയിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ-യ്ക്ക് സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്ന് അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിരുന്നുവെന്നും എന്നാൽ 01/06/2022-ലെ

എസ്.പി.ഐ.ഒ-യുടെ റിപ്പോർട്ട് പരിശോധിച്ചതിൽ 11/04/2022-ലെ കത്ത് പ്രകാരം ഹർജിക്കാരന് 13/04/2022-ന്ന അയച്ചു നൽകിയിട്ടുണ്ടെന്ന് ഡെസ്പാച്ച് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നുണ്ടെന്നും, ടി സാഹചര്യത്തിലാണ് 02/06/2022-ൽ അപ്പീൽ അപേക്ഷ തീർപ്പാക്കിയതെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ 20/12/2022-ന് കമ്മീഷൻ ആസ്ഥാനത്ത് നടന്ന ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരാകുകയും, എസ്.പി.ഐ.ഒ ഹാജരാകാത്തതിനാൽ ടിയാന് ഷോകാസ് നൽകിയതിനുസരിച്ച് 17/01/2023-ന് കമ്മീഷൻ ആസ്ഥാനത്ത് നടന്ന ഹിയറിംഗിൽ നേരിട്ട് ഹാജരാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്ന് ഹിയറിംഗിൽ എതിർകക്ഷി കമ്മീഷനെ ബോധിപ്പിച്ച സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 18-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV